**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാട്ടാക്കടഗ്രാമപഞ്ചായത്തിലെ കെ ജി കെ പി ഹാൾ എന്ന കല്യാണമണ്ഡപത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകിയതിന് - കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജീവൻ എസ് നെതിരായ നടപടി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2607/2018/തസ്വഭവ തീയതി, തിരുവനന്തപുരം,10.10.2018

=====================================================================

പരാമർശം: 1. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.07.2018 ലെ സി4-811/2018 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കെ.ജി.കെ.പി. ഹാൾ ഈ സ്ഥാപനം ഉൾപ്പെട്ട വസ്തുവിന്റെ ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച് ബഹു. നെടുമങ്ങാട് മുൻസിഫ് കോടതി മുമ്പാകെ ഒ.എസ്. 845/15 ആയി ഉടമസ്ഥാവകാശതർക്കം നിലനിൽക്കെ അതിൽ ബഹു. കോടതിയുടെ അന്തിമവിധി കാക്കുകയോ പരാതിക്കാരെ നേരിൽ കേൾക്കുകയോ ചെയ്യാതെ കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ് ജീവൻ ഉടമസ്ഥാവകാശം ശ്രീ. സുരേഷ് കുമാർ എന്നയാളുടെ പേരിൽ മാറ്റി നൽകിയതായി പരാമർശം (1) പ്രകാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വസ്തുവിന് അവകാശതർക്കമുണ്ടെന്നും ഇത് സംബന്ധിച്ച് കോടതി മുമ്പാകെ കേസ് നിലവിലുണ്ടെന്നും അറിയാമെന്നിരിക്കെ ഇക്കാര്യത്തിലുള്ള അന്തിമകോടതി വിധി വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുക പോലും ചെയ്യാതെ കേസിലെ ഒരു കക്ഷിയായ ശ്രീ. സുരേഷ് കുമാർ എന്നയാളുടെ പേർക്ക് ഹാളിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകിയത് ഗുരുതരമായ ക്രമക്കേടാണ്. കൂടാതെ ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്ന ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ഇടപെടുന്നതിൽ നിന്നും പഞ്ചായത്തിനെ വിലക്കുന്ന യാതൊരു കോടതി നിർദ്ദേശവും ഇല്ലാതിരിക്കെ കോടതി നിർദ്ദേശം ചൂണ്ടിക്കാട്ടി പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ പ്രവർത്തിച്ചു വരുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്നത് വഴി കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ജീവൻ എസ്. ന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജീവൻ എസ്.നെ അടിയന്തരമായി സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു. ശ്രീ. ജീവന് സസ്പെൻഷൻ കാലയളവിൽ നിയമാനുസൃതമായ ഉപജീവനബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. പഞ്ചായത്ത് ഡയറക്ടർ ശ്രീ. ജീവൻ എസ്.നെതിരെ കെ.സി.എസ്.(സിസി&എ) റൂൾസ് പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. ജീവൻ എസ്., സെക്രട്ടറി, കാട്ടാക്കട ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
4. പ്രസിഡന്റ്, കാട്ടാക്കട ഗ്രാമപഞ്ചായത്ത്
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ് (137/ആർഡി1/2018/തസ്വഭവ)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/199/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ